തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം: വി.സ്. ജയകുമാർ)

**സംഗ്രഹം**

മെഡിക്കൽ റിഇംബേഴ്സ്മെന്റ് – ബോർഡുത്തരവിന് വിധേയമല്ലാതെ ചികിത്സ നടത്തി ഹാജരാക്കുന്ന മെഡിക്കൽ റിഇംബേഴ്സ്മെന്റ് അപേക്ഷകൾ നിരസിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 14462/13 /Est-IV** നന്തൻകോട്, 06/04/2016

---

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 1997 -ൽ ജീവനക്കാർക്ക് മെഡിക്കൽ റിഇംബേഴ്സ്മെന്റ് ആനുകൂല്യം അനുവദിച്ചുകൊണ്ട് ROC 3638/97/Est-3 നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് 21-08-1998 -ൽ ROC 3638/97/Est-3 നമ്പരായും 15-05-2000 -ൽ ROC 5001/99/Est-3 നമ്പരായും 15-02-2006 -ൽ ROC 3937/04/Est-4 നമ്പരായും 26-06-2015 ROC 14462/13/Est-4 നമ്പരായും ഉൾപ്പെടെ കാലാനുസൃതമായ ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

മേൽ വിവരിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം മെഡിക്കൽ റിഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് വ്യക്തമായ വ്യവസ്ഥകൾ നിലനിൽക്കേ ആയതിനുപരിയായി പലരും അവരവരുടെ ഇംഗിതത്തിനനുസരിച്ച് സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടി ബില്ലുകൾ മെഡിക്കൽ റിഇംബേഴ്സ്മെന്റിന് സമർപ്പിക്കുന്ന പ്രവണത ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

മെഡിക്കൽ റിഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് ബോർഡ് വ്യക്തമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ആയതിന്റെ ആനുകൂല്യം ലഭിക്കണമെന്നുള്ളവർ ഉത്തരവുകൾക്ക്/നിർദ്ദേശങ്ങൾക്ക് വിധേയമായി ചികിത്സ നടത്തി ബില്ലുകൾ ഹാജരാക്കേണ്ടതാണ്.

അപ്രകാരമല്ലാത്ത ചികിത്സാ ബില്ലുകൾ മേലിൽ അനുവദിക്കുകയോ, അനുവദിക്കുന്നതിലേക്ക് ശുപാർശ ചെയ്യുകയോ ചെയ്യാൻ പാടില്ല എന്ന് നിർദ്ദേശിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. EDP Section
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി

SK